## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 598** **08.08.2017-ൽ മറുപടിക്ക്**

**കെ.എസ്.ഇ.ബി. യുടെ ആസ്തികൾ അന്യാധീനപ്പെട്ടു പോകുന്നതിനെതിരെ നടപടി**

| | ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ. എസ്. ഇ. ബി. യുടെ കമ്പനി വത്കരണവുമായി ബന്ധപ്പെട്ട് ബോർഡിന്റെ വസ്തുവകകൾ സംരക്ഷിക്കുന്നതിന് വ്യക്തമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ്; ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ ഭൂമി സംരക്ഷണത്തിന്റെ ഭാഗമായി, കൈവശ ഭൂമിയുടെ വിശദവിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് സ്വന്തമായുള്ള ഡാറ്റാ ബേസിലേയ്ക്ക് രേഖപ്പെടുത്തുന്നതിന് ഒരു പ്രത്യേക വിഭാഗം 'ലാന്റ് മാനേജ്മെന്റ് യൂണിറ്റ്' രൂപീകരിക്കുകയും ടി വിഭാഗം നിർദ്ദേശിക്കപ്പെട്ട ജോലി ചെയ്തു വരുകയുമാണ്. ഭൂമി സംരക്ഷണവുമായി ബന്ധപ്പെട്ട് തനതായ ലാന്റ് മാനേജ്മെന്റ് പോളിസി കെ. എസ്.ഇ.ബി.ലിമിറ്റഡ് ഉണ്ടാക്കി പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുണ്ട്.<br>ബോർഡിന്റെ ആസ്തികൾ സംബന്ധിച്ച കൂടുതൽ വിവരം ശേഖരിക്കുന്നതിന് പൈലറ്റ് ബേസിസിൽ ഒരു ഇലക്ട്രിക്ക് സർക്കിളിൽ നടത്തുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ശേഖരിച്ച വിവരങ്ങൾ തരംതിരിച്ച് കണക്കെടുപ്പ് നടത്തുന്നതിനായി സർവ്വീസിൽ നിന്നും വിരമിച്ച ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ടീമിന്റെ സേവനം ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടികൾ ആരംഭിച്ച ശേഷവും ബോർഡിന്റെ വസ്തുവകകളും മറ്റ് ആസ്തികളും അന്യാധീനപ്പെട്ടുപോകുന്നതായുള്ള പരാതികളെന്തെങ്കിലും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ ഭൂമി കയ്യേറ്റം ശ്രദ്ധയിൽപ്പെട്ട മുറയ്ക്ക് പ്രസ്തുത വിവരം ബന്ധപ്പെട്ട ജില്ലാ കളക്ടറെ അറിയിക്കാനും കൈയ്യേറ്റം ഒഴിപ്പിക്കാനും ഭൂമിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥരോട് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡിന്റെ എന്തെങ്കിലും ആസ്തികൾ സഹകരണ സംഘങ്ങൾക്കോ മറ്റ് സ്ഥാപനങ്ങൾക്കോ കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ? | (സി) | ഇല്ല. |

Kemalelle

**സെക്ഷൻ ഓഫീസർ**